**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5029** **11-08-2021 - ൽ മറുപടിയ്ക്ക്**

**പുതിയ ബി.പി.എൽ. റേഷൻ കാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ബി.പി.എൽ. റേഷൻകാർഡ് എ.പി.എൽ. ആയി മാറ്റുന്നതിന് വേണ്ടി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | 2021 മെയ് വരെ അനർഹമായ 5.92 ലക്ഷം മുൻഗണനാ കാർഡുകൾ പൊതു വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ സർക്കാർ നിർദ്ദേശ പ്രകാരം അനർഹമായ 75263 മുൻഗണനാ കാർഡുകൾ 2021 ജൂലൈ 15 വരെ സ്വമേധയാ സറണ്ടർ ചെയ്തിട്ടുണ്ട്. |
| (ബി) | പുതുതായി ബി.പി.എൽ. റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദീകരിക്കാമോ? | (ബി) | നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ മുൻഗണനേതര നോൺ സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡാണ് നൽകുന്നത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ